പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2818 13.03.2020-ൽ മറുപടിക്ക്

## നിലം നികത്തി വീട് നിർമ്മിക്കുന്നതിനുള്ള പാലക്കാട് ജില്ലയിലെ അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിലം നികത്തി വീട് നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ പാലക്കാട് ജില്ലയിലെ ബന്ധപ്പെട്ട വിവിധ ഓഫീസുകളിൽ കെട്ടികിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നിലവിൽ വന്ന 12.08.2008-ന് ശേഷം ഭൂമി വാങ്ങിച്ചവരുടെ പരിവർത്തനാനുമതി അപേക്ഷകൾ കൃഷി ഭവനുകളിലും, പ്രിൻസിപ്പൽ കൃഷി ഓഫീസിലും ലഭിച്ചിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ 06.06.2017-ലെ WP(C) 3466/2017-ാം നമ്പർ വിധിന്യായത്തിന്റെയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച REV-P1/248/2019-REV നമ്പർ സർക്കുലർ പുറപ്പെടുവിച്ചതിനു ശേഷവും ലഭിച്ച ഇപ്രകാരമുള്ള അപേക്ഷകളും ടി ആഫീസുകളിൽ തീർപ്പാക്കാൻ നിലവിലുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകൾ നിരസിച്ച് ഉടൻ ഉത്തരവ് നൽകുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ആഫീസർ അറിയിച്ചിട്ടുള്ളതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകളിന്മേൽ അനുമതി ഉത്തരവോ, നിരസന ഉത്തരവോ സമയബന്ധിതമായി നല്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) പ്രാദേശികതല നിരീക്ഷണ സമിതി തീരുമാനമെടുത്ത് ജില്ലാതല സമിതിക്ക് സമർപ്പിച്ച അപേക്ഷകൾ ജില്ലാതല സമിതി കൂടി ഉടൻ തീർപ്പാക്കുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ